പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 11.06.2014- ലെ മറുപടിക്ക്

നം. * 74

## ശുചിത്വവും ഗുണനിലവാരവുമില്ലാത്ത മാംസവിൽപ്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. മമ്മൂട്ടി<br>" എൻ. ഷംസുദ്ദീൻ<br>" പി. ബി. അബ്ദുൾ റസാക്<br>" പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യാവശ്യത്തിന് വിതരണം ചെയ്യപ്പെടുന്ന മാംസത്തിന്റെ ഗുണനിലവാരവും, ശുചിത്വവും ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ലാബുകളിൽ ഭക്ഷ്യാവശ്യത്തിന് വിതരണം ചെയ്യപ്പെടുന്ന മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ശുചിത്വം സംബന്ധിച്ച പരിശോധന ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നടത്തുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് ശാസ്ത്രീയമായ അറവുശാലകളുടെ ലഭ്യത വളരെ കുറവാണെന്നുള്ളത് ആശങ്കയുളവാക്കുന്ന ഒരു വിഷയമായിത്തന്നെ സർക്കാർ കണക്കാക്കുന്നുണ്ട്. എന്നാൽ ഹോട്ടലുകളിലും മറ്റും മാംസത്തിന്റെ ലഭ്യത സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് പരിശോധനകളിൽ ഉറപ്പുവരുത്തുന്നുണ്ട്. |
| ബി) | നിലവിലെ സംവിധാനത്തിലെ അപര്യാപ്തത മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും പഴക്കം ചെന്നതും, ഭക്ഷ്യയോഗ്യമല്ലാത്തതുമായ മാംസം സംസ്ഥാനത്ത് വ്യാപകമായി കടത്തിക്കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നും പഴക്കം ചെന്നതും, ഭക്ഷ്യയോഗ്യമല്ലാത്തതുമായ മാംസം സംസ്ഥാനത്ത് വ്യാപകമായി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ എറണാകുളം ജില്ലയിൽ നിന്ന് അത്തരത്തിലുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പരിശോധന കർശനമാക്കുകയും കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്കമുള്ള നടപടികൾ ഇതിനകം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വ്യാജ മാംസ വിൽപ്പന തടയുന്നതിനും, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) | പരിശോധന കർശനമാക്കുവാൻ ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ